## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **3762** | **21.06.2019** - ൽ മറുപടിക്ക് |
|---|---|

## സംസ്ഥാനത്ത് നികുതി റിട്ടേൺ സമർപ്പിക്കാത്തവർ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ഉപഭോഗ ആഡംബര വസ്തുക്കൾക്ക് നികുതി കുറയ്ക്കുവാനുള്ള നീക്കത്തെ കേരളം എതിർത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; പെട്രോൾ/ഡീസൽ ജി.എസ്.ടി. യിൽ ഉൾപ്പെടുത്തുവാൻ ആവശ്യപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാന സർക്കാരിന് നികുതിനഷ്ടമുണ്ടാകാത്ത രീതിയിലാണ് വാറ്റ് കാലത്തെ നികുതിനിരക്ക് പരിഗണിച്ച് റവന്യൂ ന്യൂട്രൽ തയ്യാറാക്കിയിരിക്കുന്നത്. നികുതിനിരക്ക് കുറയ്ക്കുന്നത് സംസ്ഥാനത്തിന്റെ വരുമാനത്തെ സാരമായി ബാധിക്കും. സംസ്ഥാനത്തിന് കോമ്പൻസേഷൻ ലഭിക്കുന്നത് 5 കൊല്ലത്തേക്ക് മാത്രമാണ്. ആയതിനാൽ നികുതിനിരക്ക് പുനർനിർണ്ണയിക്കുമ്പോൾ ഈ ഘടകം കൂടി പരിഗണിക്കണമെന്ന് സംസ്ഥാനം ജി.എസ്.ടി. കൗൺസിലിൽ ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ട്.<br>പെട്രോൾ/ഡീസൽ ജി.എസ്.ടി. യിൽ ഉൾപ്പെടുത്തുവാൻ സംസ്ഥാനം ആവശ്യപ്പെട്ടിട്ടില്ല. |
| (ബി) | സംസ്ഥാനത്ത് ജി.എസ്.ടി റിട്ടേൺ സമർപ്പിക്കാത്ത എത്ര പേർ ഉണ്ട്; ഇവർക്കെതിരെ എന്തെങ്കിലും നടപടി ജി.എസ്.ടി. വകുപ്പ് എടുത്തിട്ടുണ്ടോ; | (ബി) | നിലവിലെ കണക്കനുസരിച്ച് 76,745 നികുതിദായകർ ഏതെങ്കിലും ഒരു മാസത്തെയെങ്കിലും റിട്ടേൺ ഫയൽ ചെയ്യാത്തവരായിട്ടുണ്ട്. റിട്ടേൺ ഫയൽ ചെയ്യാത്ത നികുതിദായകർക്ക് നിയമാനുസൃതം ജി.എസ്.ടി.ആർ3A നോട്ടീസുകൾ അയച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇക്കഴിഞ്ഞ ജി.എസ്.ടി. കൗൺസിലിൽ 28% നികുതിയിലുള്ള എത്ര വസ്തുക്കളെ 18% നികുതിയിലാക്കിയിട്ടുണ്ട്; വ്യക്തമാക്കുമോ; ഇതിൽ സംസ്ഥാനം ആവശ്യപ്പെട്ടത് ഏതെല്ലാം; | (സി) | 19-03-2019 ൽ നടന്ന 34-ാം ജി.എസ്.ടി. കൗൺസിലിൽ 28% നികുതിയുള്ളവയെ ഒന്നിനെയും 18% നികുതിയിലേക്ക് മാറ്റിയിട്ടില്ല. |
| (ഡി) | ജി.എസ്.ടി. സമർപ്പിക്കുന്നതിലെ കൃത്യതക്കുറവ് സംബന്ധിച്ച് സംസ്ഥാന ജി.എസ്.ടി. വകുപ്പിൽ ലഭിച്ച പ്രധാന പരാതികൾ എന്തെല്ലാം; വിശദമാക്കുമോ; ഇത് ജി.എസ്.ടി. കൗൺസിലിൽ സംസ്ഥാനം ഉന്നയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | ജി.എസ്.ടി. റിട്ടേൺ സമർപ്പിക്കുവാൻ കാലതാമസം നേരിടുമ്പോൾ റിട്ടേൺ ഫയൽ ചെയ്യുന്ന സമയത്ത് ഒടുക്കേണ്ടിവരുന്ന പിഴ, പലിശ എന്നിവ ഒഴിവാക്കാൻ വേണ്ടിയുള്ള പരാതികളോടൊപ്പം ജി.എസ്.ടി. റിട്ടേണുകൾ ഫയൽ ചെയ്യുമ്പോൾ ഉണ്ടാകുന്ന സാങ്കേതിക പ്രശ്നങ്ങളെക്കുറിച്ചുമുള്ള പരാതികളാണ് പ്രധാനമായും ലഭിച്ചിട്ടുള്ളത്. ഇത് സംസ്ഥാനം ജി.എസ്.ടി. കൗൺസിലിൽ അവതരിപ്പിക്കുകയും റിട്ടേൺ ഫയലിംഗിൽ ഉണ്ടാകുന്ന കാലതാമസത്തിന് ഒടുക്കേണ്ടിവരുന്ന പിഴ ചില ഘട്ടങ്ങളിൽ ഒഴിവാക്കിക്കൊടുക്കുകയും ചെയ്തിട്ടുണ്ട്. സാങ്കേതിക പ്രശ്നങ്ങളുമായി ബന്ധപ്പെട്ട പരാതികളിൽ വകുപ്പിന് തീർപ്പാക്കാൻ കഴിയുന്നവ നേരിട്ടും അല്ലാത്തവ ജി.എസ്.ടി.എൻ മുഖേനയും ഉടനടി തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**